# വിലാതപുരം എൽ പി സ്കൂൾ

കുനിങ്ങാട്, പിഒ, 673503 പിൻ,
ചോമ്പാല സബ്ജില്ല

## ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി




# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# സ്കൂൾ വിവരങ്ങൾ

1.റവന്യൂ ജില്ല:കോഴിക്കോട്
2.സ്കൂൾ കോഡ്:16226
3.സ്കൂളിന്റെ പേര്:വിലാതപുരം എൽ പി സ്കൂൾ
4.മേൽവിലാസം:കുനിങ്ങാട്.പി.ഒ., കോഴിക്കോട് ജില്ല
5.പിൻകോഡ്:673503,
6.ഫോൺ നമ്പർ:9048485640
7.ഇ-മെയിൽ അഡ്രസ്: Vilathapuramlp@gmail.com
8.ഗ്രാമ പഞ്ചായത്ത്: പുറമേരി ഗ്രാമ പഞ്ചായത്ത്
9.വിദ്യാഭ്യാസ ജില്ല:വടകര
10.സബ്ജില്ല:ചോമ്പാല
11.ക്ലാസുകൾ:1 മുതൽ 4 വരെ
12.മാനേജ്മെന്റ്:എയ്ഡഡ്
13.പഠനമാധ്യമം:മലയാളം
14.മാനേജർ: ശാന്തകുമാരി

# ആമുഖം

കോഴിക്കോട് ജില്ലയിലെ ചോമ്പാല സബ് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിലാണ് വിലാതപുരം എൽ പി സ്കൂൾ. പാഠ്യ പാഠ്യതര രംഗത്ത് സബ് ജില്ലയിലെ മികച്ച വിദ്യാലയമാണ്. എല്ലാവർഷവും എൽഎസ്എസ് വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മികച്ച അക്കാദമിക കാഴ്ചപ്പാടുകളോടെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി അക്കാദമിക രംഗത്ത് നല്ല മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. നൂപുരം കലാ നൃത്ത പരിശീലനത്തിലൂടെ കുട്ടികളിലെ സർഗവാസനകൾ കണ്ടെത്തി വികസിപ്പിക്കാൻ കഴിയുന്നു.കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങ ളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹച ര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനു സരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരു ത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, വിവിധ അക്കാദമി കൂട്ടായ്മകൾ തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴി യുന്നു. കൂടാതെ ഹരിതഭംഗിയാർന്ന ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരത്തിന്റെ ഭാഗമായി എല്ലാ രംഗങ്ങളിൽ മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാ ഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങ ളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# ചരിത്രം



1920-ൽ എം. ആർ. രാമൻനായർ വിലാതപുരത്ത് ആയാടത്തിൽ പറമ്പിൽ ഈ വിദ്യാലയം സ്ഥാപിച്ചു. 1935-ൽ ഇപ്പോൾ സ്ക്കൂൾ സ്ഥിതിചെയ്യുന്ന മഠത്തിൽ പറമ്പിലേക്ക് ഊട്ടുപറമ്പത്ത് ചെക്കായിമാസ്റ്റർ മാറ്റി സ്ഥാപിച്ചു.ചെക്കായിമാസ്റ്ററുടെ കാലശേഷം എം. എം. കൃഷ്ണമാരാരുടെ ഭാര്യ അമ്മുക്കുട്ടിയമ്മ മാനേജരായി. ഇപ്പോൾ ടി. ശാന്തകുമാരിയാണ് മാനേജർ 1961 വരെ 5-ാം ക്ലാസ്സ് ഉണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ 1 മുതൽ 4 വരെ ക്ലാസ്സുകൾ പ്രവൃത്തിച്ചുവരുന്നു. 2013 മുതൽ നഴ് സറി ക്ലാസ്സ് ആരംഭിച്ചു. 1991-ൽ ഓലഷെഡ്ഡിൽ പ്രവൃത്തിച്ചിരുന്ന ഈ വിദ്യാലയം ഓടാക്കിമാറ്റി. സ്ക്കൂൾ കെട്ടിടം മാത്രം ഉണ്ടായിരുന്ന ഈ വിദ്യാലയം 1998-ൽ 25 സെന്റ് സ്ഥലം സ്വന്തമാക്കി. ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവത്തനങ്ങൾ ആരംഭിച്ചു. 1992-ൽ കിണർ കുഴിക്കുകയും, 2010-ൽ രണ്ട് ക്ലാസ്സ്മുറികളുള്ള ഒരു കെട്ടിടം പുതുതായി പണിയുകയും ചെയ്തു. ശക്തമായ പി. ടി. എയും കർമ്മോത്സുകരായ അധ്യാപകരും രക്ഷിതാക്കളുടെ സഹകരണവും ഈ വിദ്യാലയത്തിന് വേണ്ടുവോളമുണ്ട്



## പാഠ്യേതര പ്രവർത്തനങ്ങൾ

സ്കൗട്ട് & ഗൈഡ്സ്
ഐ.ടി. ക്ലബ്ബ്
ഫിലിം ക്ലബ്ബ്
ബാലശാസ്ത്ര കോൺഗ്രസ്സ്.
വിദ്യാരംഗം കലാ സാഹിത്യ വേദി.
ഗണിത ക്ലബ്ബ്.
സാമൂഹ്യശാസ്ത്ര ക്ലബ്ബ്.
തനത് പരിപാടികൾ.

## വിദ്യാലയത്തിലേക്ക് എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

വടകര ബസ് സ്റ്റാന്റിൽനിന്നും 13.5 കി.മി അകലം.
വടകര - പുറമേരി - വിലാതപുരം നരസിംഹമൂർത്തി ക്ഷേത്രത്തിനു സമീപം സ്ഥിതിചെയ്യുന്നു.

105 വർഷം പിന്നിട്ട വിലാതപുരം എൽ പി സ്കൂളിന് സ്കൂൾ മാനേജ്മെന്റിന്റെയും പി ടി എ യുടെയും എസ് എസ് ജി യുടെ എല്ലാം ഇടപെടലിന്റെ ഭാഗമായി സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട് .ഇനിയും ഒരുപാട് മാറ്റം വരുത്തേണ്ടതുണ്ട്.

**വിദ്യർത്ഥികളുടെ എണ്ണം 2023-24**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1-A | | | |
| 2-A | | | |
| 3-A | | | |
| 4-A | | | |
| **ആകെ** | | | |

**വിദ്യർത്ഥികളുടെ എണ്ണം 2024-25**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1-A | | | |
| 2-A | | | |
| 3-A | | | |
| 4-A | | | |
| **ആകെ** | | | |

**വിദ്യർത്ഥികളുടെ എണ്ണം 2025-26**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1-A | | | |
| 2-A | | | |
| 3-A | | | |
| 4-A | | | |
| **ആകെ** | | | |

നിലവിൽ ഈ വിദ്യാലയത്തിൽ............ .....ദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. അധ്യാപകരു ടെയും രക്ഷിതാക്കളുടെയും വിലയിരുത്തൽ പ്രകാരം മെച്ചപ്പെട്ട പഠനനിലവാരം പുലർത്തുന്ന വരാണ് ഈ വിദ്യാലയത്തിലെ പഠിതാക്കൾ മൂന്നാം ക്ലാസിലെ മൂന്ന് വിദ്യാർത്ഥികളും നാലാംതരത്തിലെ രണ്ട് വിദ്യാർത്ഥിയും മാത്രമാണ് പഠനവീട് എന്ന പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ളത് ഈ ഒരു പശ്ചാത്തലത്തിലാണ് ഞങ്ങൾ വിലാതപുരം എൽ.പി. സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

**മുഖ്യലക്ഷ്യങ്ങൾ**

**1.**മലയാളം

വിലാതപുരം എൽ.പി.സ്കൂളിലെ ഒന്നുമുതൽ നാല് വരെ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ക്ലാസ് നിലവാരം അനുസരിച്ച് മലയാള ഭാഷയിൽ മിനിമം എന്ത് ശേഷിയാണോ ലഭി ക്കേണ്ടത് അതിനെ മിറകടന്ന് ഭാഷാ പഠനത്തിലൂടെ സ്വതന്ത്ര വായന, സ്വതന്ത്ര രചന എന്നിവ നടത്തുവാൻ പ്രാപ്തരാക്കും.

2.ഓരോ കുട്ടിയുടെയും സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കുന്നു.

**3.ഇംഗ്ലീഷ്**

ഓരോ ക്ലാസിന്റെ നിലവാരം അനുസരിച്ച് ഇംഗ്ലീഷ് ഭാഷയുടെ വിവിധ വ്യവഹാരരൂപ ങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക.

ഇംഗ്ലീഷ് ഭാഷയിലൂടെ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി ഉറപ്പുവരുത്തുക.ഇംഗ്ലീഷ് കഥകളും കവിതകളും മറ്റ് മാധ്യമങ്ങളും വായിച്ചും കേട്ടും ആസ്വദിക്കാൻ പ്രാപ്തരാക്കുക.

**4.ഗണിതം**

വിലാതപുരം എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് അവരുടെ ക്ലാസ് നിലവാരമനു സരിച്ച് ലഭിക്കേണ്ട എല്ലാ പഠനനേട്ടങ്ങളും ഉറപ്പുവരുത്തുക.

ഗണിത പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യുന്നതിനും, പ്രായോഗികതലത്തിൽ അവ ഉപയോഗിക്കുന്നതിനും പ്രാപ്തരാക്കുക,പുതിയ ഗണിത പ്രശ്നങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കുക

**5.പരിസരപഠനം**

സ്വന്തം പരിസരത്തെ സൂക്ഷ്മമായി നിരീക്ഷിക്കാനും മനസ്സിലാക്കുവാനും പ്രാപ്തരാക്കുക.

സ്വന്തം പരിസരത്തു നടക്കുന്ന പ്രകൃതി നശീകരണ പ്രവർത്തനങ്ങൾ മനസ്സിലാക്കി അവയെ നേരിടുവാൻ സജ്ജരാക്കുക.

ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിൽ പരീക്ഷണ നിരീക്ഷണങ്ങൾ സ്വയം ചെയ്ത് നിഗമനത്തിൽ എത്തിക്കാനും അനുബന്ധ പരീക്ഷണങ്ങൾ രൂപീകരിക്കാനും പ്രാപ്തരാക്കുക.

**6.മത്സര പരീക്ഷകൾ**

വിവിധ മത്സര പരീക്ഷകൾ നേരിടാനുള്ള ആത്മധൈര്യവും ശേഷിയും വളർത്തിയെടുക്കുക.

നാലാതരത്തിലെ മുഴുവൻ കുട്ടികളെയും എൽ.എസ്.എസ് പരീക്ഷയിൽ പങ്കെടുപ്പിക്കാനും പരമാവധി പേർക്ക് എൽ.എസ്.എസ് നേടാനും പ്രാപ്തരാക്കുക.

## സ്കൂൾതല പ്രവർത്തനങ്ങൾ

വായന

**ലക്ഷ്യം**

സ്വതന്ത്ര വായന വളർത്തിയെടുക്കുക, സാംസ്കാരിക മൂല്യവും ജീവിത മൂല്യവുമുള്ള പൗര നാക്കി വളർത്തുക.

**പ്രവർത്തനങ്ങൾ**

ലൈബ്രറി ശാക്തീകരണം

- a) പുസ്തക ശേഖരണം
- b) പുസ്തകങ്ങൾ തരംതിരിക്കൽ
- c) അനുയോജ്യമായ രീതിയിൽ ക്രമീകരിക്കൽ
- d) പുസ്തക വിതരണം
- e) അമ്മ വായന
- f) ഞാൻ വായിച്ച പുസ്തകം ( അധ്യാപകൻ)
- g) എന്റെ വായന നല്ല വായന
- h) എന്റെ ഇഷ്ട കഥാപാത്രങ്ങൾ ( പതിപ്പ്)
- I)വായനാ കാർഡ്
- j)വായനാ കാർഡ് സ്റ്റിക്കർ അവതരണം

**ഇംഗ്ലീഷ്**

*ലക്ഷ്യം: ഇംഗ്ലീഷിൽ സുഗമമായി ആശയ വിനിമയ ശേഷി നേടുക*

**പ്രവർത്തനങ്ങൾ**

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ

- ഇംഗ്ലീഷ് തിയ്യേറ്റർ
- ഇംഗ്ലീഷ് രചന ക്യാമ്പ്
- ഇംഗ്ലീഷ് വായനക്യാമ്പ്
- ഇംഗ്ലീഷ് ലൈബ്രറി
- ഇംഗ്ലീഷ് അസംബ്ലി
- One Day English Day

**"Beehive"** english club
English language Enhancement programme
**Step up English**

**ഗണിതം**

ചതുഷ്ക്രിയകളിൽ നൈപുണ്യം

പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് - എങ്ങനെ? പ്രവർത്തനം

ഗണിത പ്രശ്നങ്ങൾ ആവിഷ്കരിക്കാനുള്ള കഴിവ് - എങ്ങനെ

- ഗണിതലാബ്
- ഗണിതോപകരണ നിർമ്മാണ ക്യാമ്പ്
- ഗണിത ക്യാമ്പുകൾ
- ഗണിതം മധുരം ഗണിത കേളികൾ
- ഐ.സി.ടി. സാധ്യതയുടെ ഉപയോഗം

**പരിസര പഠനം**

ലക്ഷ്യം: തന്റെ പരിസരത്തെ അറിഞ്ഞ് താനൊരു സമൂഹത്തിന്റെ ഭാഗമാണെന്ന അവബോധം വളർത്തുക

പരീക്ഷണ നിരീക്ഷണങ്ങൾ സ്വയം ചെയ്യുക അനുബന്ധ പരീക്ഷണങ്ങൾ സംഘടിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- സ്ക്കൂൾ സയൻസ് കോർണർ
- പഠനയാത്രകൾ
- ജൈവ വൈവിധ്യ പാർക്ക്
- ലഘു പരീക്ഷണ ക്യാമ്പുകൾ
- ശാസ്ത്രോപകരണ നിർമ്മാണശാല
- കായിക - മാനസിക ആരോഗ്യം

ലക്ഷ്യം :കായിക ക്ഷമത ഉയർത്തുക, മാനസികാരോഗ്യം, ആത്മവിശ്വാസം എന്നിവ വളർത്തുക

**പ്രവർത്തനങ്ങൾ**

- പ്രതിവാര മാസ് ഡ്രില്ല്
- ക്യാമ്പുകൾ
- യോഗപരിശീലനം
- മത്സര പരീക്ഷകൾ

ലക്ഷ്യം: മത്സര പരീക്ഷകളെ നേരിടുവാനുള്ള ആത്മധൈര്യം ഉണ്ടാക്കിയെടുക്കുക.

എൽ.എസ്.എസ് വിജയം നേടുക

**പ്രവർത്തനങ്ങൾ**

"സമഗ്രം" എൽ.എസ്.എസ് കോച്ചിംഗ്

ക്വിസ് പ്രോഗ്രാം

ദിനാചരണങ്ങൾ

മോഡൽ പരീക്ഷകൾ

Star of the month

ക്ലാസ്തല പ്രവർത്തനങ്ങൾ

## ഒന്നാംതരം - ഭാഷ മലയാളം

**ഉപലക്ഷ്യം വായന**

തെറ്റുകൂടാതെ മലയാള ഭാഷ വായിക്കുവാനുള്ള ശേഷി കൈവരിക്കൽ

പത്ര വാർത്ത തലക്കെട്ടുകൾ, ചിത്രകഥകൾ, പോസ്റ്ററുകൾ എന്നിവയുടെ വായന

**പ്രവർത്തനങ്ങൾ**

ഒന്നാം ക്ലാസിന്റെ നിലവാരത്തിലുള്ള പുസ്തകങ്ങൾ കണ്ടെത്തൽ

പുസ്തക സമാഹരണം

രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ പങ്കെടുപ്പിച്ച് വായന സാമഗ്രി നിർമ്മാണ ശിൽപ്പശാല

ആകർഷകമായ ക്ലാസ് ലൈബ്രറി

വീട്ടിൽ ഒരു ലൈബ്രറി (ബാല പ്രസിദ്ധീകരണം സമാഹരണം)

**ഉപലക്ഷ്യം 2 : ലേഖനം, സർഗ്ഗാത്മ ശേഷി വികാസം)**

1.ദിനാചനണങ്ങളുമായി ബന്ധപ്പെട്ട് ചുമർ പത്രിക, ആശംസാകാർഡ്, പോസ്റ്റർ ഇവ നിർമ്മാണം

2.അമ്മയ്ക്കൊരു കത്ത് പോസ്റ്റ് കാർഡിൽ സ്കൂൾ വിശേഷങ്ങൾ ഉൾപപെടുത്തി അമ്മയ്ക്ക് കത്തെഴുതൽ

3.അമ്മയുടെ മറുപടി വായന

4.ചിത്ര വായന

ചിത്രവായനയിൽ നിന്ന് രചനയിലേക്ക്

**സർഗ്ഗാത്മക പ്രകടനം**

1.പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസിൽ തയ്യാറാക്കിയിട്ടുള്ള സ്കിറ്റ്, കവിത, പാട്ട്, കഥ, ആംഗ്യപ്പാട്ട്, നാടകം... ഇവയുടെ അവതരണം

2.ബാലസഭകളിൽ സി.പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി സമിതി യോഗ ങ്ങൾക്ക് മുന്നോടിയായി ദിനാചരണങ്ങളോട് അനുബന്ധിച്ചും സർഗ്ഗാത്മക പ്രകടനം നടത്തുക

3.കൂടുതൽ മെച്ചപ്പെടുത്തലുകൾ നടത്തി, സ്കൂൾ കലോത്സവങ്ങളിലേക്കും, വിദ്യാലയ വാർഷികങ്ങളിലേക്കു, പൊതുവേദികളിലേക്കും അവതരിപ്പിക്കുക.

**ഗണിതം**

1.1 മുതൽ 20 വരെയുള്ള സംഖ്യാബോധം കൈവരിക്കുക, ഗണിതപ്രക്രിയകളിൽ ഏർപ്പെടുക

പ്രായോഗിക ഗണിത ബോധം സൃഷ്ടിക്കുക

പ്രവർത്തനങ്ങൾ

1.ക്ലാസ് റൂം ഒരു ഗണിതലാബായി മാറ്റുന്നു

മുത്തുകൾ, മഞ്ചാടി, ഈർക്കിൽ തുടങ്ങി സംഖ്യാബോധം ഉളവാക്കാൻ പറ്റിയ സാമഗ്രികൾ ശേഖരിക്കുന്നു.

2.അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ ഒരുക്കുന്നു.

3.ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ്

4.പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ആസൂത്രണങ്ങൾ തയ്യാറാക്കു

**പരിസരപഠനം**

***ഉപലക്ഷ്യം***

1.പാരിസ്ഥിതികാവബോധം വളർത്തുക

2.തന്റെ ചുറ്റുപാടുമുള്ള ചെടികളും, മരങ്ങളും, മണ്ണും എല്ലാം നമുക്ക് ആവശ്യമുള്ളതാണെന്ന ബോധം വളർത്തുക

**പ്രവർത്തനങ്ങൾ**

1.പ്രകൃതിയുമായി ബന്ധപ്പെട്ട് വീഡിയോ പ്രദർശനം

2.പൂന്തോട്ട നിർമ്മാണം, സംരക്ഷണം

3.ലഘു ഫീൽഡ് ട്രിപ്പ്

**പൊതുവിജ്ഞാനം**

ഉപലക്ഷ്യം കുട്ടികളുടെ നിലവാരത്തിനനുസരിച്ച് അറിവും ധാരണകളും കൈവരിക്കുക

**പ്രവർത്തനം**

1.ചോദ്യോത്തരപയറ്റ്

2.ഉത്തരപ്പെട്ടി

3.അമ്മയോട് ചോദിക്കാം

4.പ്രധാന വാർത്തകൾ

**ഇംഗ്ലീഷ്**

1.ഒന്നാം ക്ലാസിലെ പ...

പ്രവർത്തനങ്ങൾ

1.ക്ലാസ് റൂം ഒരു ഗണിതലാബായി മാറ്റുന്നു

മുത്തുകൾ, മഞ്ചാടി, ഈർക്കിൽ തുടങ്ങി സംഖ്യാബോധം ഉളവാക്കാൻ പറ്റിയ സാമഗ്രികൾ ശേഖരിക്കുന്നു.

2.അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ ഒരുക്കുന്നു.

3.ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ്

4.പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ആസൂത്രണങ്ങൾ തയ്യാറാക്കു

**പരിസരപഠനം**

ഉപലക്ഷ്യം

1.പാരിസ്ഥിതികാവബോധം വളർത്തുക

2.തന്റെ ചുറ്റുപാടുമുള്ള ചെടികളും, മരങ്ങളും, മണ്ണും എല്ലാം നമുക്ക് ആവശ്യമുള്ളതാണെന്ന ബോധം വളർത്തുക

**പ്രവർത്തനങ്ങൾ**

1.പ്രകൃതിയുമായി ബന്ധപ്പെട്ട് വീഡിയോ പ്രദർശനം

2.പൂന്തോട്ട നിർമ്മാണം, സംരക്ഷണം

3.ലഘു ഫീൽഡ് ട്രിപ്പ്

**പൊതുവിജ്ഞാനം**

ഉപലക്ഷ്യം കുട്ടികളുടെ നിലവാരത്തിനനുസരിച്ച് അറിവും ധാരണകളും കൈവരിക്കുക

**പ്രവർത്തനം**

1.ചോദ്യോത്തരപയറ്റ്

2.ഉത്തരപ്പെട്ടി

3.അമ്മയോട് ചോദിക്കാം

4.പ്രധാന വാർത്തകൾ

**ഇംഗ്ലീഷ്**

1.ഒന്നാം ക്ലാസിലെ പാഠപുസ്തക പ്രവർത്തനങ്ങൾക്ക് പുറമേ ചെറിയ ഇംഗ്ലീഷ് കഥകൾ, റൈംസ് എന്നിവ വായിക്കാൻ പ്രാപ്തരാക്കുക.

അസംബ്ലിയിൽ ചെറിയ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാൻ പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ**

1.വായന സാമഗ്രികൾ തയ്യാറാക്കൽ (ഫ്ളാഷ് കാർഡ്സ്, മാച്ചിങ് കാർഡ്, സെന്റൻസ് സ്ലിപ്പുകൾ തുടങ്ങിയവ...)

2.ഒന്നാം ക്ലാസിനിണങ്ങുന്ന ലൈബ്രറി പുസ്തകങ്ങൾ ഇംഗ്ലീഷ് മാസികകൾ എന്നിവ ശേഖരി

3.ഇംഗ്ലീഷ് കളികൾ

4.Stup up English program